# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2281

## 05.02.2018 ലെ മറുപടിക്ക്

## കർഷകരുടെ ക്ഷേമത്തിനും അവകാശ ലാഭത്തിനുമായി തുക കണ്ടെത്തുന്നതിന് പദ്ധതി

| ക്രമ നം. | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ | **ബഹു.ഡോ.ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം സെസുകളാണ് നിലവിലുള്ളത് ; പുതിയ സെസുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | നിലവിൽ കേരള പൊതു വിൽപ്പന നികുതി നിയമപ്രകാരം നികുതി ഈടാക്കുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്കും മദ്യത്തിനും social security സെസ് നിലവിലുണ്ട്. കൂടാതെ മദ്യത്തിന് റീഹാബിലിറ്റേഷൻ സെസ്, മെഡിക്കൽ സെസ് എന്നിവ നിലവിലുണ്ട്. പുതിയ സെസ്സുകൾ ഏർപ്പെടുത്തുവാൻ ചരക്കു സേവന നികുതി വകുപ്പിനു മുന്നിൽ നിർദ്ദേശങ്ങളൊന്നുമില്ലായെന്ന് അറിയിച്ചിട്ടുണ്ട്. |
| (ബി) | കർഷകരുടെ ക്ഷേമത്തിനും അവകാശ ലാഭത്തിനുമായി തുക കണ്ടെത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനിയിലുണ്ടോ ; | കർഷക സുരക്ഷയുടെയും ക്ഷേമത്തിന്റെയും പരമ പ്രധാനമായ കാര്യങ്ങൾ മനസ്സിലാക്കി കാർഷിക മേഖലയിൽ ആയതിന് പരമോന്നത സ്ഥാനം നൽകേണ്ടതുണ്ട്. കർഷകർക്ക് സാമൂഹിക മാന്യതയും, സാമ്പത്തിക ഐശ്വര്യവും ഉറപ്പ് വരുത്തുക, അവർക്ക് പെൻഷൻ നൽകുക, വരും തലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക, കർഷക സമൂഹത്തിന് ഐശ്വര്യപൂർണ്ണമായ ജീവിതം പ്രധാനം |

| | | |
|---|---|---|
| | | ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിലേക്ക് ഒരു കർഷക ക്ഷേമ ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട് കരട് ബിൽ നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം നിയമസഭയിൽ വെച്ച് അംഗീകരിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ തുടർന്ന് വരികയാണ്. |
| (സി) | ഇതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ? | കാലാകാലങ്ങളിൽ കാർഷിക മേഖലയുടെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**